പതിനാലാം കേരള നിയമസഭ

<u>പതിനാലാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 855

30.01.2019- ൽ മറുപടിയ്ക്ക്

<u>വന്യജീവികളുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം</u>

| | | | |
|---|---|---|---|
| | <u>ചോദ്യം</u><br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ.ഷംസുദ്ദീൻ | | <u>മറുപടി</u><br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | രാത്രികാലങ്ങളിൽ കാടിറങ്ങി എത്തുന്ന വന്യജീവികളെ തുരത്താൻ വിവിധ വർണ്ണങ്ങളിൽ വട്ടം കറങ്ങുന്ന എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ , എങ്കിൽ എവിടെയെല്ലാം പ്രസ്തുത ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | വനം വകുപ്പിൽ സൗത്ത് വയനാട് ഡിവിഷനിൽ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ സ്ഥിരമായി ഒരു സ്ഥലത്ത് സ്ഥാപിച്ചവയല്ല. ആവശ്യം അനുസരിച്ച് സ്ഥലങ്ങൾ മാറ്റി സ്ഥാപിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ദോഷം ചെയ്യുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ ആയത് പരിശോധിക്കുമോ; | (ബി) | പ്രസ്തുത പദ്ധതി വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് ദോഷം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയത് സംബന്ധിച്ച് പരിശോധന നടത്തി വരുന്നുണ്ട്. |
| (സി) | വന്യജീവികളുടെ ആക്രമണത്തിൽ നിന്നു മനുഷ്യരെയും വളർത്തുമൃഗങ്ങളെയും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ ? | (സി) | വന്യജീവികളുടെ ആക്രമണത്തിൽ നിന്നും മനുഷ്യരെയും, വളർത്തുമൃഗങ്ങളെയും സംരക്ഷിക്കുവാൻ വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതവേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, റെയിൽ ഫെൻസിംഗ്, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവയുടെ നിർമ്മാണം.<br>2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.<br>3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം. |

| | | | |
|---|---|---|---|
| | | | 4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.<br><br>5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br><br>6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br><br>7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br><br>8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്കരണം നടത്തുന്നതിനുമുള്ള നടപടികൾ.<br><br>9. ബോധവൽക്കരണ നടപടികൾ<br><br>10. ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ. |

സെക്ഷൻ ഓഫീസർ